ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - വയനാട് ജില്ലാ പി. എസ്. സി. ശിപാർശ ചെയ്ത ഉദ്യോഗാർത്ഥിയെ ₹. 26500-60700 ശമ്പള നിരക്കിലുള്ള എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ - താത്കാലികമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി) വിഭാഗം**

**നം.** ED2/4746/24/DTE **തിരുവനന്തപുരം,**

**തീയതി :31-08-2024**

---

വായന

1. 15.07.2024 തീയതിയിലെ കേരള പി. എസ്. സി, പാലക്കാട് ജില്ലാ ഓഫീസറുടെ WR II (2) 825027/2023-KPSC-DOWYD നമ്പർ നിയമന ശിപാർശ കത്ത്.
2. 05.03.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നം.49/74/പി ഡി.
3. 18.07.1974 - ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എംഎസ്) നം.170/74/പി ഡി.
4. 29.03.1990 - ലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.3737/റൂൾസ് /1/90/പി&എ ആർ ഡി.
5. 15.02.1991 - ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നം.7/91/പി&എആർഡി.
6. 06.06.2011 - ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നം.15/2011/പി&എആർഡി.
7. 30.06.2011 - ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നം.20/2011/പി&എ ആർ ഡി.
8. 07.01.2013 - ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നം.20/2013/പി&എ ആർ ഡി.
9. 03.04.2013 - ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നം.149/2013.
10. 15.11.2016 - ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നം.171/2016/ഫിൻ

**ഉത്തരവ്**

വായന (1) നിയമന ശിപാർശ കത്ത് പ്രകാരം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വയനാട് ജില്ലാ

ഓഫീസർ നിയമന ശിപാർശ ചെയ്തിരിക്കുന്ന താഴെ പറയുന്ന ഉദ്യോഗാർത്ഥിയെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ, **₹ 26500-60700** വേതന നിരക്കിലുള്ള എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ, 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ഭാഗം II പൊതു ചട്ടം 3 (സി), 9 (എ)(ഐ),10(ബി) എന്നിവകൾക്ക് വിധേയമായി താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

2. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം, പ്രസ്തുത താൽക്കാലിക നിയമനം അറിയിപ്പ് കൂടാതെ റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് പരിശോധനയിൽ തെളിയുന്ന മുറയക്ക് മാത്രമേ ഉദ്യോഗാർത്ഥി ക്രമവൽക്കൃത നിയമനത്തിന് അർഹത നേടുകയുള്ളൂ.

3. ടിയാളുടെ നിയമനം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| വായന (1) നിയമന ക്രമ നമ്പർ | പേരും മേൽ വിലാസവും | താത്കാലികമായി നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീമതി രേഷ്മ മണിക്കുട്ടൻ<br>ആശാരിപറമ്പിൽ ഹൌസ്,<br>പുൽപ്പള്ളി,<br>പുൽപ്പള്ളി പി. ഒ.<br>വയനാട് - 673579<br>കത്തിടപാടുകൾക്കുള്ള <u>മേൽവിലാസം</u><br>ശ്രീമതി രേഷ്മ മണിക്കുട്ടൻ<br>ആശാരിപറമ്പിൽ ഹൌസ്,<br>പുൽപ്പള്ളി,<br>പുൽപ്പള്ളി പി. ഒ.<br>വയനാട് - 673579 | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, വയനാട് |

4. ഉദ്യോഗാർത്ഥി മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവി മുൻപാകെ വിദ്യാഭ്യാസ യോഗ്യത, ജനനതീയ്യതി, ജാതി/സമുദായം (ബാധകമാകുന്ന നിയമനങ്ങൾക്ക് മാത്രം) എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ-ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തൻറെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ സഹിതം **20.09.2024** തീയതിയിലോ അതിനു മുൻപോ ജോലിക്കു ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടിയാളുടെ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

5. ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളെ നിയമന ശുപാർശ ചെയ്ത കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ടിയാൾക്കു പുനർ നിയമനത്തിനായി പേര് റീ-രജിസ്റ്റർ ചെയ്യാവുന്നതോ അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിട്ടയ്ക്കപ്പെട്ട ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്.

6. സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയ്യതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7. സ്ഥാപന മേധാവി, ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസയോഗ്യത, ജനന തീയ്യതി, ജാതി/സമുദായം (ബാധകമാകുന്ന നിയമനങ്ങൾക്ക് മാത്രം) ഫോട്ടോ, ഒപ്പ് എന്നിവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻറെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കേറ്റിൻറെ അസ്സലുമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

8. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥിയിൽ നിന്നും പരാമർശം (3) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപ്പത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

9. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥി ഹാജരാക്കുന്ന അസ്സൽ നോൺ-ക്രീമിലയർ സർട്ടിഫിക്കേറ്റ് (ബാധകമാകുന്ന നിയമനങ്ങളിൽ മാത്രം) പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

10. ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിച്ച് പരമാവധി ഒരാഴ്ചയ്ക്കകം ടിയാളുടെ സേവന പുസ്തകം തുറക്കേണ്ടതും, പ്രസ്തുത സേവന പുസ്തകത്തിലെ പേരും മേൽവിലാസവും വിരലടയാളവും ഒപ്പും പേഴ്സണൽ തിരിച്ചറിയൽ മാർക്കും സേവനത്തിൽ പ്രവേശിച്ച വിവരങ്ങളും ഉൾപ്പെടുന്ന പുറങ്ങളുടെ പകർപ്പ് (സേവന പുസ്തകത്തിലെ 1 മുതൽ 4 വരെയുള്ള പുറം, 15-മത്തെ പുറം) വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ പേഴ്സണൽ മെമ്മോറാണ്ടം ,സ്റ്റേറ്റ്മെൻറ് എന്നിവ ഈ ഓഫീസിലേക്ക് പി എസ്. സി നിയമന പരിശോധനയ്ക്കായി അയച്ചുതരേണ്ടതാണ്.

11. പരാമർശ (8) & (9) എന്നീ സർക്കാർ ഉത്തരവിലെ സേവന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ഉദ്യോഗാർത്ഥിയുടെ നിയമനം.

12. പരാമർശം (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുകളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ ആറ് മാസ കാലയളവിനുള്ളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള ഓപ്ഷൻ ഉദ്യോഗാർത്ഥിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

Sunilkumar C V

SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

ശ്രീമതി . രേഷ്മ മണിക്കുട്ടൻ
ആശാരിപറമ്പിൽ ഹൌസ്,
പുൽപ്പള്ളി,
പുൽപ്പള്ളി പി. ഒ.

വയനാട് - 673579

(രജി:എ. ഡി സഹിതം)

..................................................

RESHMA MANIKUTTAN

ASARIPARAMBIL

PULPALLY

WAYANAD DIST

PULPALLY P O, 673579

പകർപ്പ്

1. സി.എ, സീനിയര് അഡ്മിനിസ്ട്രേറ്റീവ് ആഫീസര്, ഡിടിഇ

2. പ്രിന്സിപ്പാള്, സര്ക്കാര് എഞ്ചിനീയറിംഗ് കോളേജ്, വയനാട് , (നിയമന ശിപാര്ശയുടെ പകര്പ്പ്, വണ് ടൈം വെരിഫിക്കേഷന് സര്ട്ടിഫിക്കറ്റിന്റെ അസ്സലും - പി.സിഎന് - 190019937) (രണ്ടെണ്ണം) (രജി.തപാൽ)

3. സൂപ്രണ്ട്, ഇ. ജി. സെക്ഷന്, ഡിടിഇ

4. സിസ്റ്റം അനലിസ്റ്റ്, ഡി.ടി.ഇ. (ഡി.ടി.ഇ. വെബ്സൈറ്റില് പ്രസിദ്ധപ്പെടുത്തുന്നതിന്)

5. ഇ - ഓഫീസ് കരുതൽ സഞ്ചയം

Signed by
Sunilkumar C V
Date: 31-08-2024 13:26:46